(സി) ദിനംപ്രതി വർദ്ധിച്ചു വരുന്ന ഓൺലൈനിലൂടെയുള്ള മൊബൈൽ ഫോൺ വിപണനം വഴി നികുതി വരുമാനം വർദ്ധിക്കുന്നുണ്ടോ;

(ഡി) ഓൺലൈൻ വഴിയുള്ള വിപണനം നിയന്ത്രിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ?

ഉത്തരം

(എ) നിലവിലുള്ള നികുതി റിട്ടേൺ പ്രകാരം മൊബൈൽ ഫോണുകളുടെ വിറ്റുവരവ് മാത്രം വ്യാപാരികൾ നൽകിയാൽ മതിയാകും. വിവിധ ബ്രാൻഡുകളിൽപ്പെട്ട മൊബൈൽ ഫോണുകളുടെ എണ്ണം സംബന്ധിച്ച വിവരം ലഭ്യമല്ല.

(ബി) കമോഡിറ്റി ഗ്രൂപ്പ് അനുസരിച്ച് ആ ഗ്രൂപ്പിന്റെ സ്ഥിതിവിവരക്കണക്കുകൾ മാത്രമേ ലഭ്യമാവുകയുള്ളൂ, അതായത് 5% നികുതി നിരക്കിൽ വരുന്നവ. അതിൽനിന്നും മൊബൈൽ ഫോണുകളുടെ വിവരം പ്രത്യേകമായി ലഭ്യമല്ല.

(സി) പ്രധാനപ്പെട്ട ഓൺലൈൻ വ്യാപാരികളെല്ലാം സംസ്ഥാനത്തിന് പുറത്തുനിന്നു പ്രവർത്തിക്കുന്നവരാണ്. ഇത് അന്തർ സംസ്ഥാന വിൽപ്പന ആയതിനാൽ സംസ്ഥാനത്തിന് നികുതി ഒന്നും ലഭിക്കുന്നില്ല.

(ഡി) നിലവിലുള്ള നിയമപ്രകാരം ഓൺലൈൻ വഴിയുള്ള വിപണനം ഫലപ്രദമായി നിയന്ത്രിക്കുവാൻ പ്രത്യേക നിയമനിർമ്മാണം ഇല്ലാത്തതിനാൽ സംസ്ഥാനത്തിന് അധികാരം ഇല്ല. കൂടാതെ ഇവ അന്തർ സംസ്ഥാന വിൽപ്പനയായി കാണിക്കുന്നതിനാൽ കേന്ദ്ര നിയമനിർമ്മാണം വഴി മാത്രമേ ഇത് ഫലപ്രദമായി നിയന്ത്രിക്കാനും സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നികുതി നഷ്ടം ഒഴിവാക്കാനും കഴിയുകയുള്ളൂ.

- **സ്വർണ്ണ വിൽപ്പനയിലൂടെ ലഭിക്കുന്ന നികുതി വരുമാനം**

204 (179) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വർണ്ണാഭരണ വ്യാപാര സ്ഥാപനങ്ങളെയും അവയിലൂടെ പ്രതിവർഷം നടക്കുന്ന വില്പനയേയും സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര സ്വർണ്ണാഭരണ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; സ്വർണ്ണാഭരണ നിർമ്മാണ കേന്ദ്രങ്ങൾ എത്ര; പ്രതിവർഷം ശരാശരി എത്ര കോടി രൂപയുടെ സ്വർണ്ണവില്പന നടക്കുന്നുണ്ട്;

(സി) സ്വർണ്ണ വില്പനയിലൂടെ കഴിഞ്ഞ പത്ത് വർഷത്തിൽ ഓരോ വർഷവും സർക്കാരിനു ലഭിച്ച നികുതി വരുമാനം എത്ര കോടി വീതമാണ്;

(ഡി) സ്വർണ്ണാഭരണങ്ങളുടെ വില്പന വർദ്ധിച്ചു കൊണ്ടിരിക്കുമ്പോഴും അതിന് അനുസൃതമായി നികുതി വരുമാനം ലഭിക്കാതിരിക്കുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; നികുതി ചോർച്ച തടയുന്നതിന് നടപടി സ്വീകരിക്കുമോ?

GPM. 2/237/2020-91

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് 2014-15 സാമ്പത്തിക വർഷം 5392 സ്വർണ്ണാഭരണ വ്യാപാര സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. അവയിലൂടെ പ്രതിവർഷം 30079.89 കോടി രൂപയുടെ വിൽപ്പന നടക്കുന്നുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷത്തിലെ കണക്ക് പ്രകാരം 5392 സ്വർണ്ണാഭരണ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്വർണ്ണാഭരണ നിർമ്മാണ കേന്ദ്രങ്ങൾ വ്യാപാര സ്ഥാപനങ്ങളുടെ ബ്രാഞ്ച് ആയാണ് പ്രധാനമായും പ്രവർത്തിക്കുന്നത്. ആയതിനാൽ അതിന്റെ കൃത്യമായ വിവരം ലഭ്യമല്ല. 2014-15 സാമ്പത്തിക വർഷം 30079.89 കോടി രൂപയുടെ സ്വർണ്ണ വിൽപ്പന നടന്നിട്ടുണ്ട്.

(സി) സ്വർണ്ണ വിൽപ്പനയിലൂടെ കഴിഞ്ഞ 10 വർഷത്തിൽ ഓരോ വർഷവും ലഭിച്ച നികുതി വരുമാനം ചുവടെ ചേർക്കുന്നു:

വർഷം	ലഭിച്ച നികുതി വരുമാനം (തുക കോടിയിൽ)
2005-06	21.21
2006-07	97.90
2007-08	120.93
2008-09	143.51
2009-10	163.04
2010-11	225.40
2011-12	302.20
2012-13	393.54
2013-14	471.53
2014-15	456.76

(ഡി) സ്വർണ്ണാഭരണ മേഖലയിൽനിന്നും ലഭിക്കുന്ന നികുതി വരുമാനത്തിന്റെ 70% കോമ്പൗണ്ടിംഗ് വ്യാപാരികളിൽനിന്നുമാണ് ലഭ്യമാകുന്നത്. ഈ നികുതി അവർ തലേ വർഷം അടച്ച നികുതിയുടെ ഒരു നിശ്ചിത ശതമാനം വർദ്ധനയുടെ അടിസ്ഥാനത്തിലാണ്. ആയതിനാൽ വിറ്റുവരവിന്റെ തോത് കൃത്യമായ അളവിൽ നികുതി പിരിവിൽ പ്രകടമാകണമെന്നില്ല. നികുതി വെട്ടിപ്പ് നടക്കുന്നതായി ശ്രദ്ധയിൽപ്പെടുന്ന കേന്ദ്രങ്ങളിൽ വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്താറുണ്ട്. ഇതിന്റെ ഫലമായി കണക്കിൽപ്പെടാത്ത സ്വർണ്ണാഭരണങ്ങൾ കണ്ടെത്തുകയും പിഴ ചുമത്തുകയും ചെയ്യുന്നുണ്ട്.